IT Cell.

"ഭരണഭാഷ-മാതൃ ഭാഷ"

നം. ഐസിഡിഎസ്/സി1-2498/13(1)

സാമൂഹ്യ നീതി ഡയറക്ടറേറ്റ് (അനക്സ്),
സാമൂഹ്യക്ഷേമ ഭവൻ,പൂജപ്പുര,തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാകസ് : 0471-2346534
ഇ-മെയിൽ swdicds@gmail.com
തീയതി : 20-4-2013

സാമൂഹ്യനീതി ഡയറക്ടർ.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.

ശിശുവികസന പദ്ധതി ഓഫീസർമാർക്കും.

സർ,

വിഷയം : സാമൂഹ്യക്ഷേമ വകുപ്പ് - ഐസിഡിഎസ്. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് - സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2011-12 തുടർ നടപടികൾ - സംബന്ധിച്ച്.

സൂചന :
1) സർക്കാർ കത്ത് നം 921/എ3/2013/സാനീവ തീയതി 29-1-13.
2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ LF 26127/ സി.എ.ആർ 11/2012 തീയതി: 22-12-12-ലെ റിപ്പോർട്ട്.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 2011-12 കാലഘട്ടത്തിൽ സംസ്ഥാനത്തെ കോർപ്പറേഷനുകൾ മുനിസിപ്പാലിറ്റികൾ എന്നിവയുടെ പ്രവർത്തനം വിലയിരുത്തിയുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് സൂചന (2) പ്രകാരം ലഭിച്ചിട്ടുണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ശിശുക്ഷേമ പദ്ധതികളും അങ്കണവാടികളും എന്ന മേഖലയിൽ ഉൾപ്പെടുത്തി ഇവയുടെ പ്രവർത്തനം വിവിധ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും എപ്രകാരം നിർവ്വഹിക്കുന്നുവെന്ന് പരിശോധിച്ചിരിക്കുന്നു. നിലവിൽ ഒട്ടേറെ അപാകതകൾ ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു. കേരള നിയമസഭക്ക് മുന്നിൽ സമർപ്പിക്കപ്പെട്ട റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്ന അപാകതകൾ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്.

ഈ കത്തിനോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന ലിസ്റ്റിൽ പരമാർശിച്ചവയെ സംബന്ധിച്ച് ഏറ്റവും കുറഞ്ഞ സമയ പരിധിയ് ക്കുള്ളിൽ ആവശ്യമായ പരിഹാര പ്രവർത്തനങ്ങൾ നടപ്പിലാക്കി, സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനാവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിശദ റിപ്പോർട്ട് നൽകേണ്ടതാണ്.

ശിശു വികസന പദ്ധതി ഓഫീസർമാരും പ്രോഗ്രാം ഓഫീസർമാരും ഈ വിഷയം സജീവമായി പരിഗണിക്കുകയും നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ റിപ്പോർട്ട്

നൽകാൻ ശ്രദ്ധിക്കേണ്ടതുമാണ്. 20-5-2013-നുള്ളിൽ റിപ്പോർട്ടുകൾ ഡയറക്ടറ്റാഫീസിൽ ലഭിക്കേണ്ടതാണ്. നിയമസഭയക്ക് മറുപടി നൽകണ്ടതിനാൽ സമയപരിധി കൃത്യമായി പാലിച്ചിരിക്കണം. അല്ലാത്തപക്ഷം റിപ്പോർട്ട് ചെയ്യുന്ന ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണെന്ന്കൂടി ഓർമ്മപ്പെടുത്തുന്നു.

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി.

ജികെ/

## അനുബന്ധം-I

## സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന അപാകതകളും അവയുടെ പരിഹാര നിർദ്ദേശങ്ങളും.

| | റിപ്പോർട്ടിൽപരാമർശിക്കുന്ന അപാകതകൾ | പരിഹാര നിർദ്ദേശം | നടപടി സ്വീകരിക്കേണ്ട ഓഫീസർ |
|---|---|---|---|
| | 1 | 2 | 3 |
| 1 | ഹെൽപ്പർ തസ്തികയിലെ ഒഴിവ്<br>കൊല്ലം ജില്ലയിലെ വെളിയം 4 ഹെൽപ്പർ തസ്തികകൾ<br>കുണ്ടറ പഞ്ചായത്തിൽ അങ്കണവാടി സെന്റർ-10 1 ഹെൽപ്പർ തസ്തിക<br>പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം പഞ്ചായത്തിൽ 1 ഹെൽപ്പർ തസ്തിക<br>കോട്ടയം മീനടം പഞ്ചായത്തിൽ 1 വർക്കർ + 1 ഹെൽപ്പർ<br>ഇടുക്കികരിക്കുന്തം പഞ്ചായത്തിൽ സെന്റർ നമ്പർ 23,32-ൽ ഹെൽപ്പർ-1<br>ആലപ്പുഴ നഗരസഭ 6 വർക്കർ, 12 ഹെൽപ്പർ<br>കൊച്ചി നഗരസഭയിൽ 24 ഹെൽപ്പർ | റിപ്പോർട്ടിൽപരാമർശിക്കുന്ന വർക്കർ/ഹെൽപ്പർമാരുടെ അഭാവം നിലനിൽക്കുന്ന അങ്കണവാടികളിൽ ചട്ടം അനുശാസിക്കും പ്രകാരം നിയമനം നടത്തേണ്ടതാണ് | അതാത് ശിശു വികസന പദ്ധതി ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ് (ഇതോരു പൊതു നിർദ്ദേശമായി സ്വീകരിക്കേണ്ടതാണ്) |
| 2 | കുടിവെള്ളം, ടോയ്‌ലറ്റ്, അടിസ്ഥാന സൗകര്യം എന്നിവയില്ലാത്ത വാടക കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുന്നു. | 1-4-2013-ൽവാടക കെട്ടിട ങ്ങളുടെ കരാർ പുതുക്കു മ്പോൾകുടിവെള്ളം, ടോയ്‌ലറ്റ്,അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുള്ള കെട്ടിടങ്ങൾ മാത്രം എടുക്കേണ്ടതാണ് | എല്ലാ ശിശുവികസന പദ്ധതി ഓഫീസർ മാർക്കും |
| 3 | സർക്കാർ സ്കൂൾ കെട്ടിടത്തിലേയ്ക്ക് പ്രവർത്തനം മാറ്റുന്നത് | നിലവിലെ സാഹചര്യം പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. | എല്ലാ ശിശു വികസന പദ്ധതി ഓഫീസർ മാർക്കും |
| 4 | അങ്കണവാടികളിലെ കുടിവെള്ളത്തിന്റെ ലഭ്യത. | സുപ്രീം കോടതി നിർദ്ദേശ പ്രകാരം അങ്കണവാടികളിൽ കുടിവെള്ളം നൽകുവാൻ സർക്കാർ കേരള വാട്ടർ അതോറിട്ടിയെ ചുമതല പ്പെടുത്തിയിട്ടുണ്ട്. പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതാണ്. | എല്ലാ ശിശു വികസന പദ്ധതി ഓഫീസർ മാർക്കും. |
| 5 | 1)കാസർഗോഡ് വോർക്കാടി പഞ്ചായത്തിലെ അങ്കണവാടി കെട്ടിടങ്ങൾക്ക് നമ്പർ ഇല്ലാത്തതിനാൽ വൈദ്യുതി കിട്ടിയിട്ടില്ല. | കസർഗോഡ് ജില്ലാ പ്രോഗ്രാം ഓഫീസർ നമ്പർ വാങ്ങി വെദ്യതീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരി ക്കേണ്ടതാണ്. | ശിശു വികസന പദ്ധതി ഓഫീസർ, കാസർഗോഡ് ജില്ലാ പ്രോഗ്രാം ഓഫീസർ. (മറ്റ് ജില്ലകളിലെ വൈദ്യുതീകരണത്തിന് അതത് പ്രോഗ്രാം ഓഫീസർമാർ). |

| 1 | | 2 | 3 |
|---|---|---|---|
| | 2) കണ്ണൂർ ന്യൂമാഹി പഞ്ചായത്തിലെ അങ്കണവാടികളൊന്നും വൈദ്യുതീകരിച്ചിട്ടില്ല. | വൈദ്യുതീകരണത്തിനായുള്ള നടപടികൾ സ്വീകരിക്കേണ്ട താണ് | ശിശു വികസന പദ്ധതി ഓഫീസർ/കണ്ണൂർ ജില്ലാ പ്രോഗ്രാം ഓഫീസർ. |
| 6 | കോഴിക്കോട് ജില്ലയിലെ പാലാട്ട്താഴം അങ്കണവാടിയ്ക്ക് വൈദ്യുതി കണക്ഷൻ കിട്ടിയിട്ടില്ല. കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഉണ്ട്. കംപ്യൂട്ടർ പ്രവർത്തിപ്പിക്കാനാകാത്ത നിലയിലാണ് | ജില്ലാ പ്രോഗ്രാം ഓഫീസർ പ്രസ്തുത കംപ്യൂട്ടർ വൈദ്യുതീകരിച്ച അങ്കണ വാടിയ്ക്ക് കൈമാറേണ്ടതാണ് | ശിശു വികസന പദ്ധതി ഓഫീസർ, കോഴിക്കോട് ജില്ലാ പ്രോഗ്രാം ഓഫീസർ (എല്ലാ പ്രോഗ്രാം ഓഫീസർമാരും ഇതൊരു പൊതു നിർദ്ദേശമായി സ്വീകരി ക്കേണ്ടതാണ്). |
| 7 | അങ്കണവാടികളിൽ ചുറ്റുമതിൽ ഇല്ല. | ചുറ്റുമതിൽ ഇല്ലാത്തത് സുരക്ഷിതമല്ല എന്നത് കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അപേക്ഷ നൽകേണ്ടതാണ്. | സാഹചര്യം നിലനിൽ ക്കുന്ന ജില്ലകളിലെ ശിശു വികസന പദ്ധതി ഓഫീസർമാർക്ക്/ പ്രോഗ്രാം ഓഫീസർ മാർക്ക്. |
| 8 | 1)പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമ പഞ്ചായത്തിൽ 4 അങ്കണവാടി കൾ റോഡിലേയ്ക്ക് തുറക്കുന്ന വിധ ത്തിലാണ്.<br>2)കുണ്ടറ ഗ്രാമ പഞ്ചായത്തിലെ സെന്റർ നമ്പർ 45, 50 എന്നിവയും റോഡുവക്കിലാണ് സ്ഥിതി ചെയ്യുന്നത്. | റോഡിനോട് ചേർന്ന് ചുറ്റു മതിൽ ഇല്ലാത്ത അങ്കണവാടി കെട്ടിടത്തിൽ നിന്നും പ്രവർത്തനം മാറ്റുന്നതിനായി പഞ്ചായത്തുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കേണ്ട താണ്. സ്വന്തം കെട്ടിടമാണെ ങ്കിൽ ചുറ്റുമതിൽ കെട്ടുന്നതി നുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | പത്തനംതിട്ട ജില്ലാ പ്രോഗ്രാംഓഫീസർക്കും കൊല്ലം ജില്ലാ പ്രോഗ്രാം ഓഫീസർക്കും. (മറ്റു ജില്ലാ പ്രോഗ്രാം ഓഫിസർമാർ ഇതൊരു പൊതു നിർദ്ദേശമായി കണക്കാക്കേണ്ടതാണ്) |
| 9 | ബേബി ഫ്രണ്ട്ലി ടോയ്ലെറ്റിന്റെ അഭാവം | തദ്ദേശസ്വയംഭരണ സംവിധാത്തിലൂടെ പരിഹരിക്കേണ്ടതാണ് | എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും ശിശു വികസന പദ്ധതി ഓഫീസർമാർക്കും. |
| 10 | പത്തനംതിട്ട ജില്ലയിലെ നമ്പർ 85 മേലുകര അങ്കണവാടിക്ക് വൈദ്യുതി ടോയ്ലറ്റ് സൗകര്യമോ ഇല്ല. പാചക പുര അപകടാവസ്ഥയിലാണ്. കക്കൂസിനായി കുഴിച്ച കുഴി സ്ലാബിട്ടു മൂടിയിട്ടില്ല. കീഴുകര അങ്കണവാടി (88)-ഉം ശോച്യാവസ്ഥയിലാണ്. | ശോച്യാവസ്ഥയിലുള്ള അങ്കണവാടികൾ സന്ദർശിക്കുകയും പരിഹാരം കണ്ടെത്തുകയും ചെയ്യേണ്ട താണ്. | 1)പത്തനംതിട്ട ജില്ലാ പ്രോഗ്രാം ഓഫീസർക്ക 2) എല്ലാ പ്രോഗ്രാം ഓഫീസർമാർ, ശിശു വികസന പദ്ധതി ഓഫീസർമാർ. |
| 11 | കണ്ണൂർ ജില്ലയിലെ ചെറുകുന്നത്ത് പഞ്ചായത്തിൽ ദാലിൽ, കുന്നനങ്ങാട് താവം അങ്കണവാടികളിൽ കുടിവെള്ള ദൗർലഭ്യം. | അങ്കണവാടികൾ അടിയന്തിരമായി സന്ദർശിച്ച് പരിഹാരം കാണേണ്ടതാണ്. | കണ്ണൂർ ജില്ലാ പ്രോഗ്രാം ഓഫീസർ. ശിശു വികസന പദ്ധതി ഓഫീസർ. |
| 12 | കോഴിക്കോട് ജില്ലയിലെ വാണിമൽ പഞ്ചായത്തിൽ16 അങ്കണവാടികളിലും കുടിവെള്ള ദൗർലഭ്യം ഉണ്ട്. വൈദ്യുതീകരിച്ചിട്ടില്ല. കുട്ടികൾക്കായി മറ്റ് വിനോദോപാദികളൊന്നും ഇല്ല. | അങ്കണവാടികൾ സന്ദർശിച്ച് പരിഹാരം കാണേണ്ടതാണ്. | കോഴിക്കോട് ജില്ലാ പ്രോഗ്രാം ഓഫീസർ. ശിശു വികസന പദ്ധതി ഓഫീസർ. |

| | 1 | 2 | 3 |
|---|---|---|---|
| 13 | കൊല്ലം നഗരസഭ, കൊച്ചി നഗരസഭ കണ്ണൂർ നഗരസഭ എന്നിവയെല്ലാം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രവർത്തിക്കുന്ന അങ്കണവാടികളാണ് ഉള്ളത്. | അതാത് പഞ്ചായത്തുകളിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങിക്കേണ്ടതാണ്. | സാഹചര്യം നിലവിലുളള എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും പ്രോഗ്രാംഓഫീസർമാർക്കു |
| 14 | മലപ്പുറം പുൽപ്പറ്റ പഞ്ചായത്തിലെ അങ്കണവാടി നമ്പർ 76,112 എന്നിവയുടെ ശോച്യാവസ്ഥ. തിരുമാലി പഞ്ചായത്തിലെ വാർഡ് 9-ലെ പാറക്കൽ അങ്കണവാടി. | സ്ഥലം സന്ദർശിച്ച് പ്രശ്ന പരിഹാരം കാണേണ്ടതാണ്. | മലപ്പുറം ജില്ലാ പ്രോഗ്രാം ഓഫീസർ. ശിശു വികസന പദ്ധതി ഓഫീസർ. |
| 15 | കണ്ണൂർ ന്യൂമാഹി പഞ്ചായത്തിലെ പെരങ്ങാടി (സെന്റർ നമ്പർ 149) കുന്നോത്ത് പറമ്പ് പഞ്ചായത്തിലെ ആര്യാപള്ളി അങ്കണവാടി, തിരുവനന്തപുരം അണ്ടൂർകോണം പഞ്ചായത്തിൽ 2 അങ്കണവാടികൾ, കൊച്ചി നഗരസഭയിൽ 11 അങ്കണവാടികൾ, തൃശൂർ കൊടകര പഞ്ചായത്തിൽ 2 അങ്കണവാടികൾ, നടത്തറ പഞ്ചായത്തിൽ 134-ാം നം. അങ്കണവാടി, പാലക്കാട് തേങ്കുറിശ്ശി പഞ്ചായത്തിൽ കല്ലങ്കാട്, അഞ്ചത്താടി തെക്കുംപുറം അങ്കണവാടികൾ, കോഴിക്കോട് വടകര നഗരസഭ വലിയവളപ്പ്, പഴയപുര വളപ്പ് അങ്കണവാടികൾ നരിക്കുനി പഞ്ചായതത് കണ്ടുകര അങ്കണവാടി എന്നിവയെല്ലാ അപകടാവസ്ഥയിലാണ് പ്രവർത്തിക്കുന്നത് | ജില്ലാ പ്രോഗ്രാം ഓഫീസർമാർ അടിയന്തിരമായി സ്ഥലങ്ങൾ സന്ദർശിച്ച് റിപ്പോർട്ട് നൽകുകയും പരിഹാരം കാണുകയും ചെയ്യേണ്ടതാണ്. | കണ്ണൂർ, തിരുവനന്തപുരം, എറണാകുളം,തൃശൂർ, പാലക്കാട്,കോഴിക്കോട് ജില്ലാ പ്രോഗ്രാം ഓഫീസർമാർക്ക്. ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർ. |
| 16 | കെട്ടിട നിർമ്മാണത്തിലെ അപാകതകൾ<br>1) പേരൂർ അങ്കണവാടി (നം.85), തിരുവനന്തപുരം.<br>2)ആലപ്പുഴ നഗരസഭയിലെ 143-ാം നമ്പർ സന്റർ.<br>3) എറണാകുളം പെരുമ്പാവൂർ 14-ാം നമ്പർ | അങ്കണവാടികൾ സന്ദർശിച്ച് പരിഹാരം കാണേണ്ടതാണ്. | തിരുവനന്തപുരം ആലപ്പുഴ എറണാകുളം പ്രോഗ്രാം ഓഫീസർമാർക്ക്,ശിശു വികസന പദ്ധതി ഓഫീസർമാർക്ക്. |
| 17 | കെട്ടിട നിർമ്മാണം നിലച്ച അങ്കണവാടികൾ<br>1)തിരുവനന്തപുരം - അണ്ടൂർകോണം പഞ്ചായത്തിൽ - 3<br>2) കൊച്ചി നഗരസഭ -1<br>3) മലപ്പുറം ചോക്കാട് - 2<br>4) കോഴിക്കോട് നഗരസഭ -14 കോഴിക്കോട് ചേങ്ങോട്ടകാവ് പഞ്ചായത്ത് അന്തട്ട - 1, മൂടാടി നമ്പർ 88 സെന്റർ-1<br>5) കണ്ണൂർ ന്യൂമാഹി പഞ്ചായത്ത് പെരിങ്ങാടി -1, കണ്ണൂർ കുഞ്ഞി | ജില്ലാ പ്രോഗ്രാം ഓഫീസർമാർ സ്ഥലം സന്ദർശിച്ച് നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. | തൃശൂർ തിരുവനന്തപുരം എറണാകുളം മലപ്പുറം കോഴിക്കോട് ആലപ്പുഴ കണ്ണൂർ കൊല്ലം ജില്ലാ പ്രോഗ്രാം ഓഫീസർമാർക്ക്. |

| | | | |
|---|---|---|---|
| | മംഗലം പഞ്ചായത്തിൽ പണച്ചിറ-1<br>6) കൊല്ലം ഇടമുളയ്ക്കൽ സെന്റർ നമ്പർ - 93, കൊല്ലം നഗരസഭയിൽ സുനാമി ഫണ്ട് ഉപയോഗിച്ചുള്ള 21 കെട്ടിടങ്ങൾ.<br>7) ആലപ്പുഴ നഗരസഭയിൽ 83-ാം നമ്പർ സെന്റർ.<br>8) തൃശൂർ നഗരസഭയിലെ നമ്പർ നമ്പർ 128, 131 സെന്ററുകൾ. | | |

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അടിയന്തിരമായി തുടർ നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടികളുടെ വിവരം 20-5-2013-ന് മുൻപായി സാമൂഹ്യനീതി ഡയറക്ടറെ അറിയിക്കേണ്ടതുമാണ്.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി.

ജികെ/